ശ്രീ. പി. രവീന്ദ്രൻ: ചെയർമാൻമാരുടെ നിയമനം സംബന്ധിച്ചാണു ചോദ്യം. ആ സ്ഥിതിക്ക് ഇത് ഉദിക്കാത്തതുകൊണ്ടു ഞാൻ ഇതിനുള്ള ഉത്തരം കൊണ്ടുവന്നിട്ടില്ല.

ശ്രീ. എ. വി. ആര്യൻ: അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ശ്രീ. ഇ. പി. ഗോപാലനും റബ്ബർ പ്ലാൻറേഷൻ ബോർഡിലെ റോസാമ്മ പുന്നൂസും ഖാദിബോർഡിലെ ചാത്തൻമാസ്റ്ററും എല്ലാം വലതു കമ്മ്യൂണിസ്റ്റുകരായതുകൊണ്ട് ആ കോർപ്പറേഷനുകളിൽ എല്ലാം ശരിക്കാണ് നടക്കുന്നതെന്നും മറെറല്ലാം ഇടതുകമ്മ്യൂണിസ്റ്റുകാരായതുകൊണ്ട് തെറാണെന്നും ഉള്ള പ്രചാരവേല വലതുകമ്മ്യൂണിസ്റ്റു പാർട്ടി നടത്തുന്ന കാലുവാരൽ.....

മി. സ്പീക്കർ: ആർഡർ, ആർഡർ. ആരെങ്കിലും പ്രചാരവേല നടത്തിക്കൊള്ളട്ടെ. പ്രചാരവേലയെപ്പറ്റിയൊക്കെ ചോദ്യം ചോദിച്ചാൽ ഉത്തരം എന്തു പറയും?

ശ്രീ. എ. പി. കുര്യൻ: റബ്ബർ പ്ലാൻേറഷൻ കേർപ്പറേഷൻ ചെയർമാനായ റോസാമ്മ പുന്നൂസിനു കോർപ്പറേഷനിൽനിന്നു നൽകുന്ന ശമ്പള വ്യവസ്ഥയും മറാനുകൂല്യങ്ങളും എന്തെല്ലാമാണെന്നു ദയവായി വെളിപ്പെടുത്തുമോ?

ശ്രീ. പി. രവീന്ദ്രൻ: വിവരം എൻെറ കൈവശമില്ല.

ശ്രീ. എ. പി. കുര്യൻ: വളരെ ഭാരിച്ച ശമ്പളവും സ്വന്തം ഉപയോഗത്തിനു കാറും മറു സൗകര്യങ്ങളും ചെയ്തുകൊടുത്തുകൊണ്ടു കോർപ്പറേഷൻചെയർമാനായി റോസാമ്മ പുന്നൂസിനെ വച്ചിരിക്കുന്നതുകൊണ്ടു പ്രത്യേക പ്രയോജനം എന്താണുള്ളതു്? പി. യു. സി. തന്നെ കോർപ്പറേഷൻെറ എക്സ്പെൻസസ് വളരെയധികമെന്ന് ഒരു റിപ്പോർട്ട് ഗവൺമെൻറിലേക്കു സമർപ്പിച്ചിരിക്കെ, ഭാരിച്ച ശമ്പളം കൊടുത്തുകൊണ്ടു ചെയർമാനായി ഒരു സ്ത്രീയെ തുടർന്നുകൊണ്ടുപോകുന്നതിൻെറ അനൗചിത്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഭാരിച്ച ശമ്പളം കൊടുക്കുന്നുവെന്നു കരുതുന്നില്ല. ഓവർഹെഡ്സ് ചാർജ് വർദ്ധിക്കുന്നതിനു മറു പല കാരണങ്ങളും ഉണ്ടു്. ശ്രീ. എ. പി. കുര്യൻ തന്നെ ബോർഡിലെ മെംബറായിരുന്നയാളാണു്. ഓവർഹെഡ്സ് ചാർജസ് എങ്ങനെ വർദ്ധിക്കുന്നുവെന്ന് അദ്ദേഹത്തിനറിയാം എന്നാണ് എൻെറ പൂർണ്ണമായ വിശ്വാസം.

WRITTEN ANSWERS

ഡി.ജി.റി.എ.യുടെ നിവേദനം

*31 [109] ശ്രീ. പി. എൻ. ചന്ദ്രസേനൻ:
ശ്രീ. ജി. ഗോപിനാഥൻ പിള്ള:
ശ്രീ. ഇ. ടി. കുഞ്ഞൻ:
ശ്രീ. എ. എസ്. പുരുഷോത്തമൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഡി.ജി.ആർ.എ. യുടെ ആദിമുഖ്യത്തിൽ വല്ല നിവേദനവും ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ നിവേദനത്തിൽ എന്തെല്ലാമാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) എന്തെല്ലാം കാര്യങ്ങളിൻമേൽ ഇതിനകം തീരുമാനമെടുത്തിട്ടുണ്ട്;

(ഡി) ഗ്രാഡുവേറ്റ് ടീച്ചേഴ്സ് അവരുടെ അവശതകൾ പരിഹരിച്ച് കിട്ടുന്നതിലേക്കായി ഒരു സമരപരിപാടി ആവിഷ്കരിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അവരുടെ ഡിമാൻറുകൾ അംഗീകരിക്കുന്നതുകൊണ്ട് സർക്കാരിന എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഉണ്ട്.

(ബി) സേവനസ്ഥിരത, ഡയറക്ട് റിക്രൂട്ട്മെൻറ് നിറുത്തലാക്കൽ, ശമ്പളപരിഷ്ക്കരണഉത്തരവിലെ അപാകതകൾ നീക്കുക മുതലായവയാണ് പ്രധാന ആവശ്യങ്ങൾ.

(സി) ശമ്പളപരിഷ്ക്കരണഉത്തരവിലെ ചില അപാകതകൾ പരിഹരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. മറ്റുള്ള ആവശ്യത്തെക്കുറിച്ച് ഡി. ജി. ആർ. എ. യുമായി ഒരു വിശദമായ ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) അങ്ങിനെ ഒരു സമര പരിപാടി ആവിഷ്ക്കരിച്ചതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല; എങ്കിലും ചില ചില്ലറ പ്രകടനങ്ങൾ അവർ അടുത്തകാലത്തു നടത്തിയിട്ടുണ്ടെന്നു ഗവൺമെൻറിന് അറിയാം.

(ഇ) ചില ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ബാദ്ധ്യതയുണ്ടാകും.

அக்கொண்ட் டெஸ்ட் அலவன்ஸ்

*32. [113] ஸ்ரீ. என். கணபதி: கீழ் காணும் வினாக்களுக்கு நிதி மந்திரி அவர்கள் விடை பகர்வார்களாக:

(எ) ஜி. ஓ. (பி) 496/69 பைனான்ஸ் பி. ஆர். செப்டம்பர் 6-ம் தியதி 1969 ஆண்டு தியதியிட்ட அரசாங்க உத்தரவின்படி பெப்ருவரி 1969-ல் நடந்த அக்கொண்ட் டெஸ்ட் ஹயர் பரீட்சை தேறிய, லொவர் டிவிஷன் கிளார்க்காக வேலை செய்யும் ஒருவருக்கு அட்வான்ஸ் இன்கிரிமென்ற் கிடைக்க அருகதையுண்டா;

(பி) இத்தகைய அலவன்ஸ் பரீட்சை நடந்த பெப்ருவரி 1969 முதல் கொடுக்கப்படுமா; அல்லது றிஸல்ட் வந்த தியதி முதல் கொடுக்கப்படுமா;

(சி) இத்தகைய அட்வான்ஸ் இன்கிருமென்ட் அடிப்படைச் சம்பளத்துடன் சேர்த்து பிக்ஸ் செய்யப்படுமா; அல்லது வேறு பெயரில் தனியாக அழைக்கப்படுமா;

(டி) மேற்கூறிய அரசாங்க உத்தரவின்படி பெப்ருவரி 1969-ல் அக்கௌன்ட் டெஸ்ட் ஹயர் தேறியதால் அட்வான்ஸ் இன்கிரிமென்று கிடைத்திருந்தால், ஜி. ஓ. (பி) 290/99/பைனான்ஸ் டெட்டட் 9-6-1969-ன்படி நிறுத்தப்படுமா; அல்லது தொடர்ந்து கொடுக்கப்படுமா;

LIBRARY ARCHIVES Kerala Legislative Assembly